36 (477) ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യത

ശ്രീ. ജോർജ് ജെ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി അധ്യാപകരുടെ യോഗ്യതയെ സംബന്ധിച്ച് പുതിയ ഉത്തരവ് സർക്കാർ ഇറക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്താണ്;

(സി) പുതുക്കിയ അദ്ധ്യാപക യോഗ്യതയുടെ മാനദണ്ഡം എന്താണ്;

(ഡി) ഇവ എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് പറയുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1996-നുശേഷം നിയമിക്കപ്പെട്ട എല്ലാ അധ്യാപകരും യോഗ്യതാ പരീക്ഷ എഴുതണം എന്നുള്ളതാണ്.

(സി) 2001-ാമാണ്ടോടുകൂടി പ്രീ-ഡിഗ്രി പൂർണ്ണമായും നിർത്തലാക്കി ഹയർസെക്കന്ററി നടപ്പിൽ വരുത്തുന്നതിനാൽ ഹയർ സെക്കന്ററിയുടെ നിലവാരം മെച്ചപ്പെടുത്തുക എന്നതാണ് പുതുക്കിയ യോഗ്യതയുടെ മാനദണ്ഡം.

(ഡി) 1996-നുശേഷം നിയമനം ലഭിച്ച അധ്യാപകർക്കും ഈ ഉത്തരവ് ബാധകമാണ്.

37 (478) ഹയർ സെക്കന്ററി അധ്യാപകരുടെ നിവേദനം

ശ്രീ. ഉമ്മൻ ചാണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കന്ററി സ്കൂൾ അധ്യാപകരുടെ വിവിധ ആവശ്യങ്ങൾ അടങ്ങുന്ന നിവേദനം ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിനോടുള്ള ഗവൺമെന്റിന്റെ നിലപാടെന്താണ്;

(സി) ഏതെങ്കിലും ആവശ്യങ്ങൾ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഏതെല്ലാം;

(ഇ) യോഗ്യതാ നിർണ്ണയ പരീക്ഷ ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിക്കുവാൻ തയ്യാറാകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

(സി) മുകളിലത്തെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) ഉദിക്കുന്നില്ല.

(ഇ) യോഗ്യതാ നിർണ്ണയ പരീക്ഷ സംബന്ധിച്ച് കാര്യങ്ങൾ ബഹു. ഹൈക്കോടതിയുടെ ഡിവിഷൻ ബഞ്ചിന്റെ പരിഗണനയിലാണ്.

LIBRARY ARCHIVES Kerala Legislative Assembly